ക്കുന്നതിനും അനുകൂലമായ തീരുമാനം റെയിൽവേ അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടാക്കിയെടുക്കാനും തുടർന്നും പരിശ്രമിക്കുന്നതാണ്.

(15) വയനാട് ജില്ലയിലെ പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ

ശ്രീമതി രാധാ രാഘവൻ : സർ, വയനാട് ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾ താമസിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ഇന്ന് പട്ടിണിയാണ്. ഈ ഹോസ്റ്റലുകളിലെ കുട്ടികളുടെ സ്ഥിതി വളരെ ദയനീയമാണ്. ഭക്ഷണം ശരിയായ രീതിയിൽ ലഭിക്കുന്നില്ല എന്നതാണ് ഏറ്റവും വലിയ പ്രശ്നം. ഭക്ഷണച്ചെലവിനാവശ്യമായ പണം ഇല്ലാ എന്നാണ് അന്വേഷണത്തിൽനിന്നും മനസ്സിലാകുന്നത്. സുൽത്താൻബത്തേരിയിലെ കാക്കവൽ പ്രീ-മെട്രിക് ഹോസ്റ്റലിലെ കുട്ടികൾക്ക് ശരിയായ രീതിയിലുള്ള ഭക്ഷണം കിട്ടാത്തതിനാൽ പഠനം മതിയാക്കേണ്ട സ്ഥിതിയാണ്. 1999 ഒക്ടോബർ മാസത്തിന് ശേഷം സ്റ്റൈപ്പന്റ് നൽകിയിട്ടില്ല. പ്രതികരിക്കാൻ കഴിയാത്ത സാധുക്കളായ കുട്ടികളുടെ കാര്യത്തിൽ അധികൃതർ വിമുഖത കാണിക്കുകയാണ്. ആവശ്യമായ ഫണ്ട് അനുവദിച്ച് ഹോസ്റ്റലുകളുടെ പ്രവർത്തനം സുഗമമാക്കണം. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റിനുള്ള തുകയും അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച വയനാട്ടിലെ പട്ടികജാതി പട്ടികവർഗ്ഗ പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ സ്ഥിതി സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുകയും അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടല്ലോ. രണ്ടാഴ്ചയ്ക്കുമുമ്പ് ഞാൻതന്നെ അവിടെ മിക്കവാറും ഹോസ്റ്റലുകൾ സന്ദർശിക്കുകയും അവിടെ വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇനി ഏതെങ്കിലും ഹോസ്റ്റലിൽ എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കും. അതോടൊപ്പംതന്നെ ആ കുട്ടികളുടെ താമസസൗകര്യം മെച്ചപ്പെടുത്താനും അതുപോലെതന്നെ അവർക്ക് മറ്റ് ആനുകൂല്യങ്ങൾ കൊടുക്കാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇനിയും മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കും.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(16) അരൂർ പഞ്ചായത്തിലെ ചന്തിരൂർ തോട്ടിലെ മലിനീകരണം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : സർ, അരൂർ പഞ്ചായത്തിലുള്ള ചന്തിരൂർ തോട്ടിലേക്ക് മത്സ്യ ഷെഡ്ഡിൽനിന്നും മൽസ്യ സംസ്ക്കരണ ഫാക്ടറികളിൽനിന്നും ഒഴുകി വരുന്ന മലിന ജലം തടയണമെന്നും ആ തോട് വൃത്തിയാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ പൊതുതാൽപ്പര്യ ഹർജി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അഞ്ച് മാസത്തിനകം അത് ചെയ്ത് തീർക്കണം എന്ന കോടതി ഉത്തരവ് വന്നിട്ട് രണ്ട് മാസമായി. ഗവൺമെന്റിന്റെ നിർദ്ദേശം അനുസരിച്ച് അതിനാവശ്യമായിട്ടുള്ള സൊസൈറ്റികൾ ഉണ്ടാക്കി, ബോർഡ് ഉണ്ടാക്കി, അതിന് പണം സ്വരൂപിക്കാൻ എഴുപുന്ന, അരൂർ എന്നീ രണ്ടു പഞ്ചായത്തുകളും അതുപോലെ ജില്ലാ പഞ്ചായത്ത്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എം.പി.ഇ.ഡി.എ., മത്സ്യ ഷെഡുകൾ, ഫാക്ടറികൾ ഇവയിൽനിന്നും പണം എടുത്തുവന്നു. പൊല്യൂഷൻ കൺട്രോ

LIBRARY ARCHIVES Kerala Legislative Assembly